മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് ഓണം, റംസാൻ, ശബരിമല സീസണുകളിൽ പച്ചക്കറി വില വർദ്ധിക്കാറുണ്ട്. കൂടാതെ കാലാവസ്ഥ വ്യതിയാനങ്ങളും തുടർച്ചയായി ഉണ്ടാകുന്ന മഴയും മൂലം പച്ചക്കറി ഉല്പാദനം കുറയുന്നതും വില വർദ്ധനയ്ക്ക് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിലുണ്ടായ വിളനാശവും ഇതിനൊരു കാരണമാണ്.

(ബി) വില വർദ്ധനവ് തടയുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറികളുടെ വില വർദ്ധനവ് തടയുന്നതിനായി ഹോർട്ടികോർപ്പ് സർക്കാർ നിർദ്ദേശപ്രകാരം വിപണിയിടപെടൽ നടത്തുകയും, വില കൂടിയ പച്ചക്കറി ഇനങ്ങളായ അമര, വെണ്ട, പാവയ്ക്ക, പയർ, വലിയ മുളക്, പടവലം, കാരറ്റ്, ബീൻസ്, വെള്ളരി, തക്കാളി, സവാള, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവ വിപണി വിലയേക്കാൾ 30 ശതമാനം വിലക്കുറവിലും ബാക്കിയെല്ലാ ഇനം പച്ചക്കറികളും 10 മുതൽ 15 ശതമാനം വരെ വിലക്കുറവിലും നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2012-13 വർഷം മുതൽ കൃഷി വകുപ്പ് കാര്യക്ഷമമായ രീതിയിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു വഴി 2012-13-ൽ 54,820 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 9.1 ലക്ഷം ടൺ പച്ചക്കറിയും 2013-14-ൽ 75,320 ഹെക്ടർ സ്ഥലത്തു നിന്നും 11.90 ലക്ഷം ടൺ പച്ചക്കറിയും 2014-15-ൽ 90,533 ഹെക്ടർ സ്ഥലത്തു നിന്നും 15.32 ലക്ഷം ടൺ പച്ചക്കറിയും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 വർഷം 100953 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 18 ലക്ഷത്തിൽപ്പരം ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 15000 രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടറിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിക്കുവാൻ ഈ പദ്ധതി സഹായിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ള സീഡ് വെൻഡിംഗ് മെഷിനുകളിൽ നിന്നും 10 രൂപ നിരക്കിൽ നല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമാണ്.

അഗ്രോ സർവ്വീസ് സെന്ററുകൾ

15(*284) ശ്രീ. കെ. അച്ചുതൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) കർഷക തൊഴിലാളികളുടെ സേവനം യഥാസമയം കർഷകർക്ക് ലഭിക്കുന്നതിനും കാർഷിക രംഗത്തെ യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും പദ്ധതി നടത്തിപ്പിലൂടെ സാദ്ധ്യമാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവയൊക്കെ ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, മണ്ണ് പരിശോധനയും രോഗ-കീടം എന്നിവയുടെ നിർണ്ണയവും നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ ടി കേന്ദ്രങ്ങൾ സഹായം നൽകുന്നു.

2. ട്രാക്ടർ, തെങ്ങ് കയറ്റ് യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നുണ്ട്.

3. അഗ്രോ സർവ്വീസ് സെന്റർ വഴി വിവിധ കാർഷികവൃത്തികൾക്ക് പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം ന്യായമായ കൂലിയ്ക്ക് ലഭ്യമാണ്. നിലം ഒരുക്കുക, കാടുവെട്ടുക, തേങ്ങയിടൽ, മരുന്ന് തളിക്കുക എന്നീ പ്രവൃത്തികൾക്ക് ഇവരുടെ സേവനം ലഭ്യമാണ്.

(സി) സംസ്ഥാനത്ത് 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 49 ബ്ലോക്കുകളിൽ അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ബയോഫാർമസി, നഴ്സറി, യന്ത്രങ്ങൾ, മൂന്ന് ചക്ര വാഹനങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ തുടങ്ങിയിട്ടുണ്ട്. നിലവിൽ കുത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2015-16-ൽ 15 ബ്ലോക്കുകളിൽ കൂടി അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly